"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ മുതുകുളം തെക്ക്, ചെറുവള്ളശ്ശേരിൽ വീട്ടിൽ ശ്രീ. ആനന്ദനെ ലൈഫ് ഭവന പദ്ധതിയുടെ ഭവനരഹിത പട്ടികയിൽ ഉൾപ്പെടുത്തി വീട്ടു നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1936/2025/LSGD തീയതി,തിരുവനന്തപുരം, 05-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള. ഓംബുഡ്സ്മാന്റെ 12/01/2022 ലെ 1009/2022 നമ്പർ ഉത്തരവ്
2. മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/03/2023 ലെ എസ്.സി3/1123/2023 നമ്പർ കത്ത്
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/07/2023 ലെ ലൈഫ് 2020 നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/04/2025 ലെ തസ്വഭവ/പിഡി/24615/2023/ഡിപിഎൽസി3 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മുതുകുളം തെക്ക്, ചെറുവള്ളശ്ശേരിൽ വീട്ടിൽ ശ്രീ.ആനന്ദൻ മുതുകുളം ഗ്രാമ പഞ്ചായത്തിലെ 2020 ലൈഫ് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, സ്ഥല പരിശോധന നടത്തിയപ്പോൾ കാലപ്പഴക്കമുള്ള വീടാണെങ്കിലും മെയ്ന്റനൻസ് ചെയ്ത് വാസയോഗ്യമാക്കാവുന്നതാണെന്ന് ബോധ്യമായതിനാൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. തുടർന്ന് ടിയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് നൽകിയ ഹർജ്ജിയിന്മേൽ, ടിയാനെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 1

പ്രകാരം ബഹു. ഓംബുഡ്സ്മാൻ ഉത്തരവ് പുറപ്പെടുവിച്ചു. ടിയാനെ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താൻ സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിക്കുന്നതിനുള്ള മുതുകുളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 06/03/2023 ലെ തീരുമാനം തുടർ നടപടികൾക്കായി മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 2 പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2. ശ്രീ ആനന്ദന്റെ വീട് കാലപ്പഴക്കത്താൽ ജീർണിച്ച അവസ്ഥയിലും മേൽക്കൂര ദ്രവിച്ച നിലയിലുമായതിനാൽ, ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താൻ അർഹതയുള്ള കുടുബമാണെന്ന് പരാമർശം 4 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ മുതുകുളം തെക്ക്, ചെറുവുളശ്ശേരിൽ വീട്ടിൽ ശ്രീ ആനന്ദന് ലൈഫ് ഭവന പദ്ധതിയുടെ ഭവനരഹിത പട്ടികയിൽ ഉൾപ്പെടുത്തി വീട്ടു നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, മുതുകുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ശ്രീ ആനന്ദൻ ചെറുവിളശ്ശേരി( സെക്രട്ടറി, മുതുകുളം ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 05-08-2025 15:23:33

സെക്ഷൻ ഓഫീസർ